പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T*324 17.12.2015 ൽ മറുപടിക്ക്

# പാചക വാതക ടാങ്കർ അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, കെ.എൻ.എ.ഖാദർ<br>,, എൻ .എ.നെല്ലിക്കുന്ന് : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പാചക വാതക ടാങ്കറുകൾക്ക് അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | പാചക വാതക ടാങ്കർ ഉൾപ്പെടെയുള്ള അപകടകരമായ വസ്തുക്കൾ വഹിച്ചു കൊണ്ടുപോകുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ മോട്ടോർ വാഹന നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കേന്ദ്ര മോട്ടോർവാഹനചട്ടം അനുശാസിക്കുന്ന ABS (Antilock Breaking System) 01.10.2006 ന് ശേഷമുള്ള ഇത്തരം വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ടാങ്കർ ലോറികളിൽ കൊണ്ടുപോകുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചും വാഹനം പാർക്ക് ചെയ്യുന്ന സ്ഥലം സുരക്ഷിതവും അനുയോജ്യമാണോയെന്നത് സംബന്ധിച്ചും ഡ്രൈവർമാർക്ക് വ്യക്തമായ അറിവുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. സേഫ്റ്റി റിലീഫ് വാൽവ്, പ്രഷർഗേജ്, അപകട സൂചന നൽകുന്ന പ്രത്യേക ബോർഡ്, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള |

സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോയെന്നും പോലീസ് വകുപ്പ് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.

എൽ.പി.ജി ടാങ്കർ ലോറി അപകടങ്ങൾ സംബന്ധിച്ച് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നത് വിശദമാക്കികൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ടാങ്കർ ലോറി അപകടങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ ഫോർ പെട്രോ കെമിക്കൽ അക്സിഡന്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

അമിതവേഗതയാണ് റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ടാങ്കർ ലോറി ഉൾപ്പെടെയുള്ള ഭാരമേറിയ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. വകുപ്പിന്റെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും

| | | | |
|---|---|---|---|
| | | | വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. മേഖലാതലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസ്തുത അപകടങ്ങളിൽപ്പെട്ട് ജീവഹാനിയും സ്വത്ത് നഷ്ടവും ഉണ്ടായവരുടെ കാര്യത്തിൽ സ്വീകരിച്ച ആശ്വാസ നടപടികൾ വിശദമാക്കുമോ? | (ബി) | 27.08.2012 ന് കണ്ണൂർ താഴെ ചൊവ്വയിൽ ചാല ബൈപ്പാസിൽ നടന്ന ഗ്യാസ് ടാങ്കർ അപകടവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ച് സർക്കാർ ഉത്തരവായിരുന്നു.<br>• ദുരന്തത്തിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം.<br>• ദുരന്തം ബാധിക്കപ്പെട്ട കുടുംബത്തിലെ യോഗ്യതയുള്ള ഒരു അംഗത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ ജോലി നൽകുന്നതാണ്. ജോലി ചെയ്യാൻ കഴിയാത്തവർക്കും ജോലി ആവശ്യമില്ലാത്തവർക്കും പ്രതിമാസം 5000/- |

| | | | |
|---|---|---|---|
| | | | രൂപ കുടുംബ പെൻഷൻ നൽകുന്നതാണ്.<br>• ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിധേയമായി 40 ശതമാനത്തിലധികം പൊള്ളലേറ്റവർക്ക് 5 ലക്ഷം രൂപയും 40 ശതമാനത്തിന് താഴെ പൊള്ളലേറ്റവർക്കും മറ്റ് വിധത്തിൽ പരിക്കേറ്റവർക്കും 2 ലക്ഷം രൂപയും നൽകുന്നതാണ്.<br>• ദുരന്തവുമായി ബന്ധപ്പെട്ട എല്ലാ വിധ ചികിത്സാ ചെലവുകളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വഹിക്കുന്നതിനും.<br>• ദുരന്തത്തിന് ഇരയായവർക്ക് ഇതിനകം അനുവദിച്ച പതിനായിരം രൂപ കൂടാതെ ചികിത്സയിൽ കഴിയുന്നവരുടെ കുടുംബത്തിന് പതിനായിരം രൂപ കൂടി അനുവദിക്കുന്നതിനും.<br>• വാസഗൃഹങ്ങളും ഗൃഹോപകരണങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഒരു കോടി രൂപയും-<br>• ജില്ലാകളക്ടറുടെ വിലയിരുത്തലിന് വിധേയമായി വാണിജ്യസ്ഥാപനങ്ങൾക്കും സാധന സാമഗ്രികൾക്കും സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് 75 ലക്ഷം രൂപയും-<br>• വാഹനങ്ങൾക്ക് സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് 5 ലക്ഷം രൂപയും-<br>• ദുരന്തവുമായി ബന്ധപ്പെട്ട കൃഷിനാശം മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 38 ലക്ഷം രൂപ അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.<br>നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നൽകണമെന്ന് |

| | | | |
|---|---|---|---|
| | | | ഉത്തരവായിരുന്നെങ്കിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് ഇതിനായി 5 കോടി രൂപ അനുവദിച്ചു.<br>കോഴിക്കോട് ജില്ലയിൽ ടാങ്കർ ലോറി അപകടത്തിൽ മരണപ്പെട്ട ആളുടെ കുടുംബത്തിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ